**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 430** **13-01-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി ചിട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | പ്രവാസി ചിട്ടിയിൽ ഇതിനകം എത്ര പേർ രജിസ്റ്റർ ചെയ്തു; പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കിഫ്ബി ഇതിനകം വിവിധ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ; | (എ) | പ്രവാസി ചിട്ടിയിൽ 07.01.2021 വരെ 82358 പേർ രജിസ്റ്റർ ചെയ്യുകയും 29796 പേർ ചിറ്റാളന്മാരാകുകയും ചെയ്തു. പ്രവാസി ചിട്ടിയുടെ പ്രചരണത്തിനു കെ.എസ്.എഫ്.ഇ -യെ സഹായിക്കുന്നതിനായി കിഫ്ബി ഇതിനകം വിവിധ ഇനങ്ങളിൽ 13.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ 307 കോടി രൂപ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ഇനത്തിൽ കിഫ്ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) | മീഡീയ ആന്റ് മാർക്കറ്റിംഗ് പ്ലാൻ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ഏതൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയത്; ഓരോ ഘട്ടത്തിലും കിഫ്ബി എത്ര തുകയാണ് ചെലവഴിച്ചത്; | (ബി) | പ്രവാസി ചിട്ടിയുടെ ഒന്നാം ഘട്ട പ്രചാരണങ്ങൾ യു.എ.ഇ കേന്ദ്രീകരിച്ചാണ് നടന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പ്രവാസി ചിട്ടി മറ്റ് ജി.സി.സി രാജ്യങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചിട്ടി ഈ രാജ്യങ്ങളിലെ മലയാളികൾക്കായി കെ.എസ്.എഫ്.ഇ തുറന്നു കൊടുക്കുകയും ചെയ്തു. റേഡിയോ, ടിവി, പത്രം വഴിയുള്ള പരസ്യങ്ങൾ, ഇലക്ട്രോണിക്ക്/ഇന്റർനെറ്റ്/ മറ്റ് സമൂഹമാധ്യമ ങ്ങൾ വഴിയുള്ള വീഡിയോ പരസ്യ പ്രചരണങ്ങൾ, പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം വിവിധ സ്ഥലങ്ങളിൽ മലയാളി സംഘടനകളുടെ പരിപാടികൾ സംഘടിപ്പിക്കുക, അവ സംഘടിപ്പിക്കുന്നതിനു ആവശ്യമായ പരിശീലനങ്ങൾ നൽകുക, വിവിധ സ്ഥലങ്ങളിൽ പത്രസമ്മേളനങ്ങൾ നടത്തുക എന്നിവയാണ് ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നടത്തിയ പ്രചരണ പ്രവർത്തനങ്ങൾ. ഒന്നാം ഘട്ട പ്രചാരണങ്ങൾക്ക് 5.23 കോടി രൂപയും രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2.46 കോടി രൂപയും ചെലവ് വന്നിട്ടുണ്ട്. |
| (സി) | പ്രവാസി ചിട്ടിക്ക് വേണ്ടി സോഫ്റ്റ് വെയർ തയ്യാറാക്കിയത് ഏത് കമ്പനിയാണ്; ഇവരെ എപ്രകാരമാണ് തെരഞ്ഞെടുത്തത്; സോഫ്റ്റ് | (സി) | പ്രവാസി ചിട്ടിയുടെ സുഗമമായ തുടക്കത്തിനുള്ള സാങ്കേതിക സഹായം എന്ന നിലക്കാണ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനുള്ള സങ്കേതിക സഹായം കിഫ്ബി നൽകിയത്. ഈ |

| | | | |
|---|---|---|---|
| | വെയറിനായി ഇതിനകം എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ? | | സോഫ്റ്റ്‌വെയർ ഒന്നിലധികം മോഡ്യൂളുകൾ ഉള്ള വളരെ സങ്കീർണ്ണമായ ഒരു ഓൺലൈൻ സംവിധാനമാണ്. ഇതിന്റെ പ്രധാന ഭാഗം ഡെവലപ്പ് ചെയ്തിരിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ്  സെന്റർ (NIC) ആണ്. കൂടാതെ ഫയൽ മാനേജ്മെന്റ്, കസ്റ്റമർ റിലേഷൻ മാനേജ്മെന്റ്, റ്റാലി ഇന്റഗ്രേഷൻ എന്നീ മോഡ്യൂളുകൾ വികസിപ്പിക്കുന്നതിനായി കേരള സർക്കാരിനു കീഴിൽ വരുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (C-Dit) നെ ചുമതലപ്പെടു ത്തിയിരുന്നു. അതാത് മേഖലയിൽ പ്രാവീണ്യമുള്ള ഡെവലപ്പ്മെന്റ് കമ്പനികളെ തെരഞ്ഞെടുത്ത് അവർ തയ്യാറാക്കിയ വിവിധ മോഡ്യൂളുകൾ സംയോജിപ്പിച്ചത് സി-ഡിറ്റാണ്. പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റിനു മാത്രമായി നാളിതുവരെ 5.32 കോടി രൂപ ചെലവായിട്ടുണ്ട്. സോഫ്റ്റ് വെയർ ഡെവല്പ്മെന്റിനായി കെ.എസ്.എഫ്.ഇ. ക്കു മാത്രം 07.01.2021 വരെ ഒരു കോടി പതിനാറു ലക്ഷത്തി നാല്പത്തിയേഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറു രൂപ (1,16,47,290/- രൂപ) ചെലവുകൾ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ